(ഡി) ഈ ഉത്സവങ്ങൾക്കുവേണ്ടി എന്ത് തുക ചെലവായിഎന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) 1998-99-ൽ സംസ്ഥാനത്ത് ഭാരതോൽസവം സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരുന്നില്ല.

29 (2720) കേരളീയം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 -ൽ 'കേരളീയം' എന്ന പേരിൽ ഒരു മേള സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മേളയിൽ ഏതെല്ലാം കലാകാരൻമാർ സംബന്ധിച്ചുവെന്നും എന്തെല്ലാം വിധത്തിലുള്ള ദൃശ്യ-ശ്രാവ്യ പരിപാടികൾ സംഘടിപ്പിച്ചുവെന്നും അറിയിക്കുമോ;

(സി) ഇതിനുവേണ്ടി എന്തുതുക ചെലവായി എന്നുവ്യക്തമാക്കുമോ?

ഉത്തരം

(എ) 'കേരളീയം' എന്ന ഒരു സാംസ്കാരിക പരിപാടി സംഘടിപ്പിച്ചിരുന്നു.

(ബി) ശാസ്ത്രീയ കലകൾ, ശ്രാവ്യകലകൾ, നാടോടികലകൾ, കരകൗശലം, നാട്ടുവൈദ്യം, ആയുർവേദം, അനുഷ്ഠാനരൂപങ്ങൾ, നാടകം, സാഹിത്യം, കവിത തുടങ്ങിയ രംഗങ്ങളിലെ ഒട്ടേറെ വിശ്രമ കലാകാരന്മാർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. കലാമണ്ഡലം രാമൻകുട്ടി, കലാമണ്ഡലം ഗോപി, കലാമണ്ഡലം ഹൈദരാലി തുടങ്ങിയ പ്രശസ്തർ കഥകളിയിലും, ഭാരതി ശിവജി, ചന്ദ്രലേഖ തുടങ്ങിയവർ നൃത്ത കലയിലും, തിരുവിള ജയശങ്കർ, വളയപ്പെട്ടി സുബ്രഹ്മണ്യം എന്നിവർ നാദസ്വരകച്ചേരികളിലും നെയ്യാറ്റിൻകര വാസുദേവൻ, കാവാലം ശ്രീകുമാർ തുടങ്ങിയവർ പാട്ടുകച്ചേരിയിലും, പല്ലാവൂർ കുഞ്ഞിക്കുട്ട മാരാർ, കല്ലൂർ രാമൻകുട്ടി മുതലായവർ തായംപകയിലും, മട്ടന്നൂർ ശങ്കരൻകുട്ടി, ചേർപ്പുളശ്ശേരി ശിവൻ തുടങ്ങിയവർ വാദ്യമഞ്ചരിയിലും പങ്കെടുത്തു. പ്രസ്തുത മേളയിൽ പ്രഗത്ഭർ പങ്കെടുത്ത പഞ്ചവാദ്യവും മേളവും ഉണ്ടായി. സമകാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെ പുരസ്കരിച്ച് പ്രശസ്തർ പങ്കെടുത്ത ചർച്ചയും അപഗ്രഥനവും നടന്നു. സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങൾ സംഘടിപ്പിച്ച പ്രദർശനങ്ങളും ചിത്രശില്പകലാ പ്രവർത്തനങ്ങളും കേരളീയത്തിന്റെ ഭാഗമായി നടന്നു. ചിത്രകാരനും ശില്പകലാ വിദഗ്ദ്ധനുമായ പാരീസ് വിശ്വനാഥൻ ചിത്രകാരന്മാരായ ആർട്ടിസ്റ്റ് നമ്പൂതിരി, ടി. കലാധരൻ തുടങ്ങിയവർ പങ്കെടുത്തു.

(സി) കേരളീയത്തിനായി 27,28,536/- രൂപ (ഇരുപത്തിയേഴു ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി അഞ്ഞൂറ്റി മുപ്പത്തിയാറു രൂപ മാത്രം) ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly